# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5040. 28-10-2016 ൽ മറുപടിയ്ക്ക്

## അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി

**ചോദ്യം**

ശ്രീ.ഒ. രാജഗോപാൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷിക്കാരുടെ ക്ഷേമത്തിനു വേണ്ടി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ (ATMA)യിലെ കരാർ ജീവനക്കാരെ പിരിച്ചു വിടാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 30.09.2016-ലെ ഉത്തരവ് പ്രകാരം വകുപ്പിലെ വിവിധ പദ്ധതിയിൽ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ നിയമിച്ച താൽക്കാലിക/കരാർ ജീവനക്കാരെ അവരുടെ കോൺട്രാക്ട് കാലയളവ് തീരുന്നതനുസരിച്ച് പിരിച്ചുവിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാൻ. മാധ്യമങ്ങളിൽ കൂടെ പരസ്യം നൽകി ഇന്റർവ്യൂ നടത്തി സുതാര്യമായ രീതിയിൽ നിയമിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള പുതിയ ഉദ്യോഗാർത്ഥികൾക്കും നിലവിലുള്ള പരിചയ സമ്പന്നരായവർക്കും തസ്തികകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെയായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം പൂർണ്ണമായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെയാണ് ലാപ്സായത് എന്നറിയിക്കുമോ ? | (ബി) | ആത്മ പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുക പൂർണ്ണമായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുക ഒന്നും ലാപ്സായിട്ടില്ല. |

സെക്ഷൻ ഓഫീസർ